കേരള കാർഷിക സർവ്വകലാശാല
ഇൻസ്ട്രക്ഷണൽ ഫാം
കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് & ഫുഡ് ടെക്നോളജി
തവനൂർ-679 573, മലപ്പുറം (ജില്ല), കേരളം
ഇ-മെയിൽ : farm.kcaet@kau.in, ഫോൺ: 0494-2686215

നമ്പർ: ഐ.എഫ്-964/2022 തിയതി: 05/09/2024

## ക്വട്ടേഷൻ നോട്ടീസ്

ഈ സ്ഥാപനത്തിലെ നടീൽ വസ്തുക്കളുടെ വർദ്ധിത ഉത്പാദനം, ഫലവൃക്ഷങ്ങളുടേയും, തോട്ട വിളകളുടേയും പരിപാലന സംരംക്ഷണം തുടങ്ങിയവ ലക്ഷ്യമിട്ട് നടത്തുന്ന പദ്ധതിയിലേക്ക് കാർഷികവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുവാൻ തയ്യാറുള്ള സ്ത്രീകളിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിശ്ചിത മാതൃകയിൽ എഴുതി തയ്യാറാക്കി **പ്രവൃത്തി ചെയ്യാൻ ഒരു ദിവസത്തേക്ക് ഒരു സ്ത്രീയുടെ നിരക്ക് അക്കത്തിലും അക്ഷരത്തിലും** പ്രത്യേകം എഴുതി കവറിൽ അടക്കം ചെയ്ത് കവറിന് പുറത്ത് **ഇൻസ്ട്രക്ഷണൽ ഫാം, തവനൂരിലെ കൃഷിപ്പണിക്കുള്ള സ്ത്രീ തൊഴിലാളികളുടെ ക്വട്ടേഷൻ** എന്ന് എഴുതി **പ്രൊഫസർ & ഹെഡ്, ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ പി.ഒ, മലപ്പുറം ജില്ല** എന്ന വിലാസത്തിൽ അയച്ചു തരുകയോ, നേരിട്ട് ഓഫീസിൽ ഏൽപ്പിക്കുകയോ ചെയ്യേണ്ടതാണ്. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി 25/09/2024 ഉച്ചക്ക് 02.30 മണി വരെയാണ്. അന്നേ ദിവസം ഉച്ച തിരിഞ്ഞ് 3 മണിക്ക് തത്സമയം ഹാജരായവരുടെ സാന്നിധ്യത്തിൽ ഇൻസ്ട്രക്ഷണൽ ഫാം, തവനൂർ ഓഫീസിൽ വെച്ച് ക്വട്ടേഷൻ തുറന്ന് പരിശോധിക്കുന്നതും ക്വട്ടേഷൻ വ്യവസ്ഥകൾ തൃപ്തികരമെങ്കിൽ സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

കാർഷിക പ്രവൃത്തികളുടെ വിശദ വിവരങ്ങളും, ക്വട്ടേഷൻ സമർപ്പിക്കേണ്ട മാതൃക ഫോറവും താഴെ

| **പ്രവൃത്തിയും വിശദാംശങ്ങളും** |
|---|
| തെങ്ങ് – തടമെടുക്കൽ, തോല് വെട്ടൽ, ചാണകമിട്ടു പുതയിടൽ മുതലായവ<br>കവുങ്ങ് - തടമെടുക്കൽ, തോല് വെട്ടൽ, ചാണകമിട്ടു പുതയിടൽ മുതലായവ<br>വാഴ – ചാല് കീറൽ, നടീൽ, വളപ്രയോഗം, തിണ്ടുടക്കൽ, ഊന്ന് കൊടുക്കൽ മുതലായവ<br>പച്ചക്കറി – വളപ്രയോഗം , പന്തൽ നിർമ്മാണം മുതലായവ<br>നെല്ല് – കള പറിക്കൽ, നടീൽ, ഞാറു പറിക്കൽ, കൊയ്ത്ത്, മെതിക്കൽ മുതലായവ |

മേൽ പറഞ്ഞ കാർഷിക പ്രവൃത്തികൾ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പൂർണ്ണ മേൽ നോട്ടത്തിലും നിർദ്ദേശമനുസരിച്ചും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി ചെയ്ത് തീർക്കേണ്ടതാണ്.

(മറുപുറം)

## നിബന്ധനകൾ

1. പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ വൈകിട്ട് 5 മണിവരെയുള്ള സമയത്ത് ജോലികൾ ചെയ്ത് തീർക്കേണ്ടതാണ്.
2. ജോലിക്ക് ആവശ്യമായിട്ടുള്ള ഉപകരണങ്ങൾ കരാറുകാരൻ തന്നെ കൊണ്ടുവരേണ്ടതാണ്.
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന കാലാവധിക്കുള്ളിൽ ജോലി പൂർത്തീകരിക്കുന്നതിന്റെയും, മതിയായ തൊഴിലാളികളെ ലഭ്യമാക്കുന്നതിന്റെയും ഉത്തരവാദിത്വം ക്വട്ടേഷൻ ഉറപ്പിച്ച കിട്ടിയ വ്യക്തി ഏറ്റെടുക്കേണ്ടതാണ്.
4. ക്വട്ടേഷൻ കാലാവധി 01/10/2024 മുതൽ 30/09/2025 വരെ ഒരു വർഷം ആയിരിക്കും.
5. ക്വട്ടേഷനിൽ രേഖപ്പെടുത്തുന്ന തുക 'കുറഞ്ഞ കൂലി ആക്ടിലെ' (മിനിമം വേജസ് ആക്ട്) പട്ടികയിലെ നിബന്ധനകൾക്ക് അനുസൃതമാണ് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
6. പ്രവൃത്തികാലഘട്ടത്തിൽ സ്ഥാപനത്തിലെ വസ്തുവകകൾക്ക് കഷ്ടനഷ്ടങ്ങൾ സംഭവിക്കുകയാണെങ്കിൽ ഏറ്റെടുക്കുന്ന വ്യക്തി ഉത്തരവാദിയായിരിക്കുന്നതും നഷ്ടം വസൂലാക്കുന്നതുമാണ്.
7. ക്വട്ടേഷൻ സമർപ്പിക്കുകയും അംഗീകരിക്കപ്പെടുകയും ചെയ്യുന്ന കരാറുകാരന് അതിനുള്ള തുക വാങ്ങുന്നതിലപ്പുറം യാതൊരുവിധ ആനുകൂല്യമോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.
8. കരാർ ജോലികൾ നിർത്തിവെക്കുന്നതും, നീട്ടിവെക്കുന്നതും, കാരണം കാണിക്കാതെ ക്വട്ടേഷൻ നോട്ടീസ് തിരസ്കരിക്കുന്നതിനും ഉള്ള അധികാരം പ്രൊഫസർ ആന്റ് ഹെഡിൽ നിക്ഷിപ്തമായിരിക്കും.
9. സർക്കാർ, സർവ്വകലാശാല ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഫാം ഓഫീസുമായി ബന്ധപ്പെടുക.
10. കരാർ ജോലി ഏറ്റെടുക്കുന്ന വ്യക്തിയിൽ നിന്നും സർക്കാർ നിഷ്കർഷിക്കുന്ന നിരക്കിൽ ആദായ നികുതി ഈടാക്കുന്നതാണ്. ഇതിനായി കരാറുകാരൻ പാൻ കാർഡിന്റെ കോപ്പി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
11. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തി തിരിച്ചറിയൽ രേഖയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. അല്ലാത്തവ സ്വീകരിക്കുന്നതല്ല.
12. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ 1000/- രൂപ നിരതദ്രവ്യം പണമായി കെട്ടി വെക്കേണ്ടതാണ്. ക്വട്ടേഷൻ ഉറപ്പിക്കുന്ന പക്ഷം ഈ തുക സുരക്ഷിത നിക്ഷേപമാക്കി മാറ്റുന്നതും, ക്വട്ടേഷൻ കാലവധിക്കു ശേഷം തിരികെ നൽകുന്നതുമാണ്.
13. ക്വട്ടേഷൻ ഉറപ്പിക്കുന്ന വ്യക്തി 200/- രൂപയുടെ മുദ്രപത്രത്തിൽ നഷ്ടോത്തരകരാറിൽ ഏർപ്പെടേണ്ടതാണ്.

ഒപ്പ്/-
ഡോ. അബ്ദുൽ ജബ്ബാർ. പി. കെ
പ്രൊഫസർ & ഹെഡ്

**സ്വീകർത്താവ്:**

1. നോട്ടീസ് ബോർഡ് (ഓഫീസ്/ഫാം)
2. ഗ്രാമ പഞ്ചായത്ത്, തവനൂർ
3. കൃഷി ഭവൻ, തവനൂർ

**പകർപ്പ്:**

1. പ്രൊഫസർ & ഹെഡ്, ഫാം/ ഫാം സൂപ്രണ്ട്/ ഫാം മാനേജർമാർ /ബി സെക്ഷൻ/ കാഷ് സെക്ഷൻ/ കരുതൽ ശേഖരം/മിച്ചം.

**മാതൃക ഫോറം**

**ഇൻസ്ട്രക്ഷണൽ ഫാം, തവനൂരിലെ കൃഷിപ്പണിക്കുള്ള സ്ത്രീ തൊഴിലാളികളുടെ ഒരു വർഷത്തേക്കുള്ള ക്വട്ടേഷൻ**

ദിവസം.............................................................................................................................രൂപ (നിരക്ക് അക്കത്തിലും അക്ഷരത്തിലും) എന്ന നിരക്കിൽ ഒരു സ്ത്രീ തൊഴിലാളിക്ക് ഒരുദിവസത്തേക്ക് എന്ന നിരക്കിൽ മേൽപ്പറഞ്ഞ പ്രവർത്തികൾ ചെയ്യുവാൻ ഞാൻ തയ്യാറാണ്.

ഒപ്പ് :

പേര് :

വിലാസം: